H. I. B. H. S Varapuzha Mid term exam 2024-25

Std:7 കേരളപാഠാവലി   Marks 25

പ്രവർത്തനം:1  വായിക്കാം  കണ്ടെത്താം                    (5)

കേരളത്തിലെ നിത്യഹരിത വനങ്ങളിൽ ധാരാളമായി കണ്ടുവരുന്ന വെളുത്ത പൂക്കൾ ഉണ്ടാകുന്ന ഒരു മരമാണ് പുന്ന. ജലാശയങ്ങളുടെയും മറ്റും തീരത്ത് വളരുന്ന ഇവ മാർച്ച് ഏപ്രിൽ മാസങ്ങളിലാണ് പൂക്കുന്നത്. ജൂൺ ആകുമ്പോൾ കായ്കൾ വിളയും. കായിൽ നിന്നും എടുക്കുന്ന പുന്ന യെണ്ണ  വിളക്ക് കത്തിക്കാനും മറ്റും ഉപയോഗിക്കാറുണ്ട്.

1) പുന്നയണ്ണ എന്തിനാണ് ഉപയോഗിക്കുന്നത്?
   ( തലയിൽ തേക്കാൻ, വിളക്ക് കത്തിക്കാൻ, ഭക്ഷണത്തിന്)
2) ഏതു മാസങ്ങളിലാണ് ഇവ പൂക്കുന്നത് ?
   ( മാർച്ച്- ഏപ്രിൽ,മെയ്- ജൂൺ, ഓഗസ്റ്റ് -സെപ്റ്റംബർ)
3) പുന്നമരം എവിടെയാണ് ധാരാളമായി കണ്ടുവരുന്നത് ?
   ( മഴക്കാടുകളിൽ,നിത്യഹരിത വനങ്ങളിൽ, കുന്നുകളിൽ)
4) ഇവയുടെ പൂക്കൾക്ക് എന്ത് നിറമാണ്?
   ( മഞ്ഞ, വെളുത്ത, ചുവന്ന )
5) ഏതു മാസത്തിലാണ് കായ്കൾ വിളയുന്നത്?
   ( ജനുവരി, മെയ്, ജൂൺ)

പ്രവർത്തനം :2 ലേഖനം   ।(4)

1) മൂന്നാർ മലനിരകളിലെ മനോഹാരിത നമുക്ക് വേണ്ടിയല്ല.പിന്നെ ആർക്കൊക്കെ വേണ്ടിയാണെന്നാണ് സുഗതകുമാരി പറയുന്നത്?
2) കണ്ണുകൾ കൂമ്പി ഞാനാ സൗന്ദര്യ ലോകത്തിൽ എല്ലാം മറന്നു ഏറെ നേരം നിന്നുപോയി. എല്ലാം മറന്ന് എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?    ( 1)
   ( നിശ്ചലയായി,നിശബ്ദയായി, സ്വയം മറന്നു)

പ്രവർത്തനം  :3  സംഭാഷണം (4 )

1) കൂട്ടിൽ നിന്നും മോചിതയായ മൈന അതിന്റെ അമ്മയെ കണ്ടെത്തി അവർ തമ്മിൽ നടത്താനിടയുള്ള സംഭാഷണം എഴുതുക?

2) മാതൃക പോലെ എഴുതുക (1)

അകലെപ്പരന്ന് – അകലെ +പരന്ന്

ദിക്കുയർന്ന് –

(ദിക്കു +യർന്ന്, ദിക്ക് +ഉയർന്ന്,

ദി +ക്കുയർന്ന് )

പ്രവർത്തനം 4 വർണ്ണന

1) പ്രകൃതിയിൽ നിങ്ങൾ കണ്ടിട്ടുള്ള മനോഹരമായ ഒരു കാഴ്ചയുടെ വർണ്ണന തയ്യാറാക്കുക? (4)

2) മുൻ മൊഴി എന്ന സമാഹാരം ആരുടേത്? (1)

( വള്ളത്തോൾ, സുഗതകുമാരി,ജി കുമാരപിള്ള)

പ്രവർത്തനം :5 ജീവചരിത്രക്കുറിപ്പ് (5)

* സുഗതകുമാരി

* ജനനം :1934 ജനുവരി 22

* മാതാപിതാക്കൾ ബോധേശ്വരൻ, കാർത്യായനിയമ്മ

* പരിസ്ഥിതി സ്ത്രീ പ്രശ്നങ്ങളിലെ സജീവ സാന്നിധ്യമായിരുന്ന മലയാള കവയിത്രി

* അനാഥരായ സ്ത്രീകൾക്കും പെൺകുട്ടികൾക്കും അഭയം ഒരുക്കുന്നതിന് അഭയ എന്ന സ്ഥാപനം ഉണ്ടാക്കി.

* കൃതികൾ- മുത്തുച്ചിപ്പി, സ്വപ്നഭൂമി,പാതിരാ പൂക്കൾ,പാവം മാനവ ഹൃദയം, രാത്രിമഴ,അമ്പലമണി, ഉൾച്ചൂട്

* പുരസ്കാരങ്ങൾ- എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്രകേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ് , വയലാർ അവാർഡ്.

* മരണം- 2020 ഡിസംബർ 23